കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ചെറിയനാട് ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2017-18


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

ആലപ്പുഴ

e-mail: ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം. കെ.എസ്.എ-എ.എൽപി-പി5-1653/18

കേരള സംസ്ഥാന ഓഡിറ്റ് സീനിയർ

ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം

ആലപ്പുഴ ജില്ല

തീയതി. 10.12.2018

ഫോൺ : 0477 2252753

ഇ-മെയിൽ : ddhglfalpy@gmail.com

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ചെറിയനാട് ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : ചെറിയനാട് ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചെറിയനാട് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ
3. കാര്യാലയ പകർപ്പ്

നം. കെ.എസ്.എ-എ.എൽപി-പി5-1653/18 തീയതി : 10.12.2018

## ആലപ്പുഴ ജില്ലയിലെ ചെറിയനാട് ഗ്രാമപഞ്ചായത്തിന്റെ

## 2017-18സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള

## ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ ചെറിയനാട് ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2017 മുതൽ 31.10.2018 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്വമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ജി. ഹരികുമാർ, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 05.11.2018 മുതൽ 16.11.2018വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. രഞ്ജീവ്. വി. കെ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)<br>ശ്രീ. ചന്ദ്രശേഖരൻ. ജി, അസി. ഓഡിറ്റ് ഓഫീസർ<br>ശ്രീമതി. ഷീബ. കെ. എം, സീനി. ഗ്രേ. ഓഡിറ്റർ<br>ശ്രീ. സുനിൽ കുമാർ. ജി, ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി. കെ. കെ. രാധമ്മ | 01.04.2017 മുതൽ 31.03.18 വരെ |
| സെക്രട്ടറി | ശ്രീ. ബിജുകുമാർ. ആർ | 01.04.2017മുതൽ 31.03.18വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീ. ദീപ രാജ്. എം.എൽ<br>ശ്രീ. അഭിലാഷ്. ബി | 01.04.2017 മുതൽ 02.11.2017വരെ<br>03.11.2017 മുതൽ 31.03.2018 വരെ |
| വെറ്റിനറി സർജൻ | ഡോ. ദിവ്യ. ആർ. തങ്കം | 01.04.2017 മുതൽ 31.03.2018 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. രേഖ ലക്ഷ്മി | 01.04.2017 മുതൽ 31.03.2018 വരെ |

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | ഡോ. അജീഷ് കുമാർ | 01.04.2017 മുതൽ 31.03.18വരെ |
| മെഡിക്കൽ ഓഫീസർ(ആയുർവേദം) | ഡോ.രാജി.ആർ | 01.04.2017മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ((ഹോമിയോ) | ഡോ. സാജൻ ചെറിയാൻ<br>ഡോ. സലീൽ | 01.04.2017മുതൽ 30.09.2017 വരെ<br>01.10.2017 മുതൽ 31.03.2018 വരെ |
| ഹെഡ്മിസ്ട്രസ്സ് | ശ്രീമതി. പത്മകുമാരി. സി | 01.04.2017മുതൽ 31.03.2018 വരെ |
| അസ്സി.എഞ്ചിനീയർ | ശ്രീമതി. ലീജ രാജു | 01.04.2017മുതൽ 31.03.2018 വരെ |
| വി.ഇ.ഒ | ശ്രീ. മഞ്ജു ജോർജ്ജ്<br>ശ്രീമതി. ആശ. ജി. ഉണ്ണി | 01.04.2017മുതൽ 5.11.2017വരെ<br>06.11.2017 മുതൽ 31.03.2018 വരെ |
| അസി.സെക്രട്ടറി | ശ്രീമതി. ജയലത. വി<br>ശ്രീ. പുരുഷോത്തമ പ്രസാദ്<br>ശ്രീ. ഹരീഷ് കുമാർ | 01.04.2017മുതൽ 16.6.2017വരെ<br>17.06.2017 മുതൽ 20.06.2017 വരെ<br>21.06.2017 മുതൽ 31.03.2018 വരെ |
| ഡയറി ഫാം ഇൻസ്പെക്ടർ | ശ്രീമതി. രജിമോൾ | 01.04.2017മുതൽ 31.03.2018 വരെ |

ഉള്ളടക്കം

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | ഇനം |
|---|---|---|
| ഭാഗം – 1 | | |
| 1 | 1-1 മുതൽ 1-12 വരെ | പൊതു അവലോകനം |
| ഭാഗം – 2 | | |
| 2 | 2-1 | തനതു ഫണ്ട് അക്കൌണ്ടിന് പലിശ ലഭിക്കുന്നില്ല - വൻ വരുമാന നഷ്ടം |
| 3 | 2-2 | തൊഴിൽ നികുതി സംബന്ധിച്ച അപാകതകൾ |
| 4 | 2-3 | പെർമിറ്റ് രജിസ്റ്ററിൽ പൂർണ്ണ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല |
| 5 | 2-4 | വസ്തു നികുതി സംബന്ധിച്ച അപാകതകൾ |
| 6 | 2-5 | ഡി & ഒ ലൈസൻസ് സംബന്ധിച്ച അപാകതകൾ |
| 7 | 2-6 | ഇ-ടെണ്ടർ ഫീസ്: കണക്കില്ല, തിരികെ ഈടാക്കുന്നില്ല |
| ഭാഗം – 3 | | |
| 8 | 3-1 | സർക്കാർ ഫണ്ട് : 1.01 കോടി നഷ്ടപ്പെടുത്തി |
| 9 | 3-2 | വാഹനത്തിന്റെ ലോഗ് ബുക്ക് ശരിയായ രീതിയിൽ സൂക്ഷിക്കുന്നില്ല |
| 10 | 3-3 | തെരുവ് വിളക്കുകളുടെ പരിപാലനം - സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല |
| 11 | 3-4 | തെരുവ് വിളക്കുകളുടെയും വാട്ടർ ടാപ്പുകളുടെയും സംയുക്ത പരിശോധന നടത്തുന്നില്ല |
| 12 | 3-5 | സബ്സിഡി മാർഗ്ഗരേഖയിലെ നിബന്ധനകൾ പാലിക്കാതെ സബ്സിഡി അനുവദിക്കുന്നു. |
| 13 | 3-6 | ഡെപ്പോസിറ്റ് പ്രവൃത്തികൾ - പൂർത്തീകരിച്ചിട്ടില്ല |
| 14 | 3-7 | 'പി.എച്ച്.സി യിലേക്ക് മരുന്ന് വാങ്ങൽ' - മരുന്നുകളൊന്നും ലഭിച്ചില്ല |

| | | |
|---|---|---|
| 15 | 3-8 | രസീതില്ലാതെ സേവന നികുതി തിരികെ കൊടുത്തു |
| 16 | 3-9 | ടാറിംഗ് പ്രോജക്ടുകളിൽ ബാരൽ വില ഈടാക്കിയില്ല അസി.എഞ്ചിനിയർ നിർവഹിച്ച റോഡ് ടാറിംഗ്/റീ ടാറിംഗ് പ്രോജക്ടുക ളിൽ ഉപയോഗിച്ച ടാറിന്റെ ബാരൽ വില ഈടാക്കിയില്ല. |
| 17 | 3-10 | 13ലക്ഷം രൂപയുടെ മരാമത്ത് പ്രോജക്ട് ഫയലുകൾ ഓഡിറ്റിന് ഹാജരാക്കിയില്ല |
| 18 | 3-11 | അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ-അവലോകനം |
| 19 | 3-12 | പൂർത്തീകരിക്കാത്ത ഭവന നിർമ്മാണ പദ്ധതികൾ |
| 20 | 3-13 | വി.ഇ.ഓ നിർവ്വഹണം നടത്തിയ വിവിധ പദ്ധതികൾ -ചെലവു രേഖകൾ ഹാജരാക്കാത്തതു സംബന്ധിച്ച് |
| 21 | 3-14 | തൊഴിലുറപ്പ് പദ്ധതി - എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിലെ അപാകം മൂലം അധിക ചെലവ് ഉണ്ടാകുന്നു, |
| ഭാഗം – 4 | | |
| 22 | 4-1 മുതൽ 4-9 വരെ | പൊതു വിവരങ്ങളും ഓഡിറ്റ് പര്യവലോകനവും |
| 23 | അനുബന്ധം – I ഓഡിറ്റ് സർട്ടിഫിക്കറ്റ് | |
| 24 | അനുബന്ധം – II | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 വർഷത്തെ ബജറ്റ് 27.03.2017ലെ തിയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 138393642 | 92862000 |
| വാർഷിക കണക്ക് പ്രകാരം | 65276233 | 59108417 |

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2017-18 | 31.07.2018 | 30.05.2018 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കറ്റ് നമ്പർ, തീയതി |
|---|---|
| 2017-18 | കെ.എസ്.എ/എ.എൽ.പി/ജി.4-1126(18)/2018 തീയതി.30.07.2018 |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 11531711 |
| വരവ് | 53775272 |
| ആകെ | 65306983 |
| ചെലവ് | 59139167 |
| നീക്കിയിരുപ്പ് | 6167816 |

## 1-5 ഫണ്ട് വിനിയോഗം (ACR പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | | 13254950 | 13254950 | 10144576 | 3110374 |
| വികസനഫണ്ട് എസ്.സി.പി. | | 8126724 | 8126724 | 7527117 | 599607 |
| വികസനഫണ്ട് ടി.എസ്.പി. | --ഇല്ല-- | | | | |
| സംരക്ഷണഗ്രാന്റ് റോഡ് | | 8377605 | 8377605 | 4508880 | 3868725 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | | 3639447 | 3639447 | 2750889 | 888558 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | 6584668 | 6584668 | 6123185 | 461483 |
| പെർഫോമൻസ് ഗ്രാന്റ് | | 3059567 | 3059567 | 1852500 | 1207067 |
| എം.എൻ.ആർ. ഇ. ജി.എസ്. | 73263 | 1095815 | 1169078 | 643258 | 525820 |
| ബി ഫണ്ട് | | 106680 | 106680 | 106680 | |
| TSB ജോയിന്റ് വെഞ്ച്വർ | | 815000 | 815000 | 763500 | 51500 |
| ട്രഷറി റ്റി.എസ്.ബി (ജനറൽ പർപ്പസ്) | 5819214 | 8667920 | 14487134 | 14454692 | 32442 (7905597 Redumption) |
| സാക്ഷരത | 80636 | 2576 | 83212 | 172 | 83040 |
| കറണ്ട് അക്കൗണ്ട് | | 198928 | 198928 | 1715 | 197213 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 178 | 62198808 | 122 | 36643163 | | 56 | 68.54% |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 73263 | 1095815 | 1169078 | 643258 | 525820 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 59160 | 100 |
| കർഷകതൊഴിലാളി പെൻഷൻ | 6016100 | 514 |

| | | |
|---|---|---|
| വിധവാപെൻഷൻ | 9063300 | 765 |
| വാർദ്ധക്യകാലപെൻഷൻ | 20394100 | 1525 |
| വികലാംഗപെൻഷൻ | 3197700 | 254 |
| വിവാഹധനസഹായം (വിധവകളുടെ പെൺമക്കൾക്ക്) | 30000 | 1 |
| അവിവാഹിതപെൻഷൻ | 414400 | 36 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 12.11.2018 4.15 PM ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 5736/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു

## 1-10 ആഭ്യന്തരനിയന്ത്രണം.

ഗ്രാമപഞ്ചായത്തിൽ ഭേദപ്പെട്ട ആഭ്യന്തര നിയന്ത്രണ സംവിധാനം നിലനിൽക്കുന്നതായി കാണുന്നു. സംവിധാനം ചില മെച്ചപ്പെടുത്തൽ ആവശ്യപ്പെടുന്നുണ്ടെന്ന് തനത് വരവ് പരിപാലനത്തിലെ വീഴ്ചകൾ വ്യക്തമാക്കുന്നു. കെട്ടിട നികുതി കുടിശികരഹിതമായി പിരിച്ചെടുക്കാനായിട്ടില്ല. കെട്ടിട നികുതിയുടെ ഡിമാന്റ് കൃത്യമാണെന്ന് ഉറപ്പാക്കാൻ സംവിധാനമില്ല. ഗ്രാമപഞ്ചായത്തിലെ പകുതിയിലധികം സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു എന്ന വസ്തുതയും നിയന്ത്രണ സംവിധാനത്തിലെ പ്രശ്നങ്ങൾ വെളിപ്പെടുത്തുന്നു. തനത് ഫണ്ടിന് വലിയതോതിൽ പലിശ നഷ്ടപ്പെടുന്നു എന്ന വസ്തുത ധനമാനേജ്മെന്റിലെ പാളിച്ചകളാണ് വെളിപ്പെടുത്തുന്നത്. ഇവ ഉൾക്കൊണ്ട് ആഭ്യന്തര നിയന്ത്രണ സംവിധാനം ശക്തിപ്പെടുത്തുവാൻ അടിയന്തര പരിഗണന നല്കേണ്ടതാണ്. ആഭ്യന്തര നിയന്ത്രണത്തിന് ആധാരമായ ജോലിവിഭജനം 17.9.15 -ലേതാണ്. 3 വർഷം കഴിഞ്ഞതിനാൽ ഇത് സമഗ്രമായി പരിഷ്കരിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 14-07-2018 | 07/2018 | 22-01-2018 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 01-09-2016 | 2014-15 മുതൽ 2015-16 | 01-11-2016 |

## 1-13 വാർഷിക കണക്കിലെ അപാകതകൾ

ഓഡിറ്റ് സാക്ഷ്യപത്രത്തിൽ ഉൾപ്പെട്ട പരാമർശങ്ങൾ പരിഹരിച്ചിട്ടുണ്ട്.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തനതു ഫണ്ട് അക്കൗണ്ടിന് പലിശ ലഭിക്കുന്നില്ല - വൻ വരുമാന നഷ്ടം

തനതുഫണ്ട് സൂക്ഷിപ്പിനായി ഉപയോഗിക്കുന്ന പ്രധാന അക്കൗണ്ടായ ജില്ലാ സഹകരണ ബാങ്കിലെ അക്കൗണ്ട് കറണ്ട് അക്കൗണ്ട് ആയതിനാൽ പലിശ ലഭിക്കുന്നില്ല. 31.03.2018 ൽ ഈ അക്കൗണ്ടിൽ 43.85 ലക്ഷം രൂപ നീക്കിയിരുപ്പുണ്ട്. കറണ്ട് അക്കൗണ്ട് സൂക്ഷിക്കുന്നതിലെ അപാകം സംബന്ധിച്ച് മുൻ വർഷങ്ങളിലെ ഓഡിറ്റ്റിപ്പോർട്ടിൽ പരാമർശിച്ചിരുന്നെങ്കിലും ഫലപ്രദമായ നടപടികളൊന്നും പഞ്ചായത്തിന്റെ ഭാഗത്ത് നിന്ന് ഉണ്ടായില്ല. ബാങ്കുമായി ബന്ധപ്പെട്ടപ്പോൾ സാങ്കേതിക തടസ്സങ്ങൾ ചൂണ്ടിക്കാട്ടി കറണ്ട് നിക്ഷേപമായി നിലനിർത്തിയെന്ന് മറുപടി ലഭിച്ചു. ടി അക്കൗണ്ടിന് പലിശ ലഭിക്കാത്തപക്ഷം അക്കൗണ്ട് ക്ലോസ് ചെയ്ത് പലിശ ലഭിക്കുന്ന അക്കൗണ്ടിലേക്ക് തുക നിക്ഷേപിക്കാനാവശ്യമായ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

പഞ്ചായത്തിന് ശുചിത്വ മിഷനിൽ നിന്ന് ലഭിക്കുന്ന തുകയുടെ സൂക്ഷിപ്പിനായി ചെറിയനാട് സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്കിൽ ഒരു അക്കൗണ്ട് നില നിർത്തിയിട്ടുണ്ട്. തനത് ഫണ്ട് അക്കൗണ്ട് പോലെയാണ് ഈ അക്കൗണ്ട് ഉപയോഗിക്കുന്നത്. ടി അക്കൗണ്ടിൽ ദീർഘകാലമായി ഇടപാടുകൾ ഒന്നും നടക്കുന്നില്ല. എന്നാൽ

സാമ്പത്തിക വർഷാന്ത്യം 5.81 ലക്ഷം രൂപ നീക്കിയിരുപ്പുണ്ട്. ഈ വിഷയത്തിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.1) 2017-18 ൽ ശുചിത്വ പ്രോജക്ടുകളൊന്നും നടപ്പാക്കാതിരുന്നതിനാലാണ് ടി അക്കൗണ്ടിൽ ഇടപാടുകളില്ലാതിരുന്നതെന്ന് മറുപടി ലഭിച്ചു. അക്കൗണ്ട് നിഷ്ക്രിയമായതിനും വൻതുക ബാലൻസ് വരാനുമുണ്ടായ യഥാർത്ഥ കാരണം വ്യക്തമല്ല. ശുചിത്വവുമായി ബന്ധപ്പെട്ട തുകയല്ലായെങ്കിൽ ടി തുക തനത് ഫണ്ട് അക്കൗണ്ടിൽ മുതൽ കൂട്ടേണ്ടതാണ്.

## 2-2 തൊഴിൽ നികുതി സംബന്ധിച്ച അപാകതകൾ

i) ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന നികുതി ഈടാക്കിയില്ല

ചെറിയനാട് ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഏതാനും ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും 2017-18 ൽ സ്ഥാപന നികുതി ഈടാക്കിയില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം. | സ്ഥാപനം | ഇനം/അർദ്ധ വർഷം | നഷ്ടം |
|---|---|---|---|
| 1 | ചേരിതെക്കേതിൽ ഫൈനാൻസിയേഴ്സ് | സ്ഥാപന നികുതി (Ist & IInd) | 2500 |
| 2 | ART ലീസിംഗ് & ഗോൾഡ് ലോൺ | സ്ഥാപന നികുതി (Ist & IInd) | 2500 |
| 3 | വടക്കേമുറിയിൽ ഫിനാൻസ് | സ്ഥാപന നികുതി (Ist & IInd) | 2500 |
| 4 | പുത്തൻ വീട്ടിൽ ഫൈനാൻസിയേഴ്സ് | സ്ഥാപന നികുതി (Ist & Iind) | 2500 |
| 5. | മുളമൂട്ടിൽ ഫിനാൻസ് | സ്ഥാപന നികുതി (Ist & Iind) | 2500 |
| | ആകെ | | 12500/- |

ടി സ്ഥാപനങ്ങളെ ഉൾപ്പെടുത്തി ഡിമാന്റ് പരിഷ്കരിക്കാതിരുന്നതിനും സ്ഥാപന നികുതി ഈടാക്കാതിരുന്നത് സംബന്ധിച്ചും നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 5/ 12.11.2018) പരിശോധിച്ച് നികുതി i)ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭിച്ചു. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ടി സ്ഥാപനങ്ങളിൽ നിന്നും നിയമാനുസൃത നികുതി ഈടാക്കാത്ത പക്ഷം നഷ്ടം സെക്രട്ടറിയുടെ ബാദ്ധ്യതയായിരിക്കുന്നതാണ്.

ii) അരിയർ ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല

തൊഴിൽ നികുതി സംബന്ധിച്ച് അരിയർ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ട മൊത്തം സ്ഥാപനങ്ങളിൽ (325 സ്ഥാപനങ്ങൾ) പകുതിയോളം സ്ഥാപനങ്ങൾ മാത്രമാണ് തൻവർഷം ലൈസൻസ് എടുത്തത്. ലൈസൻസ് എടുക്കാത്തതിനാൽ ഇത്തരം സ്ഥാപനങ്ങളുടെ ലൈസൻസിനോടൊപ്പമുള്ള തൊഴിൽ നികുതിയും ഈടാക്കാനായിട്ടില്ല. ഈ വിഷയത്തിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 5/ 12.11.2018) 2017-18 വർഷം ലിസ്റ്റ് ചെയ്യപ്പെട്ട എല്ലാ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതുകൊണ്ടാണ് അരിയർ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കാതിരുന്നതെന്ന മറുപടി അംഗീകരിക്കാവുന്നതല്ല. മുഴുവൻ സ്ഥാപനങ്ങളേയും ഉൾപ്പെടുത്തി ട്രേഡേഴ്സ് ലിസ്റ്റ് പരിഷ്കരിച്ച് ഡിമാന്റ്, അരിയർ ഡിമാന്റ് രജിസ്റ്ററുകൾ തയ്യാറാക്കി കുടിശ്ശിക സഹിതം പിരിച്ചെടുക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

iii) കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല

2017-18 സാമ്പത്തിക വർഷം 14 കരാറുകാർ പഞ്ചായത്തിലെ വിവിധ കരാർ പ്രവർത്തികൾ ഏറ്റെടുത്ത് നടത്തുകയുണ്ടായി. എന്നാൽ ഈ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല. ഈ വിഷയത്തിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 10/13.11.2018) കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കാനാവശ്യമായ നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭിച്ചു. ഈയിനത്തിൽ പഞ്ചായത്തിനുണ്ടായ നഷ്ടം കണക്കാക്കി തുക ബന്ധപ്പെട്ടവരിൽ നിന്ന് ഈടാക്കാനാവശ്യമായ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-3 പെർമിറ്റ് രജിസ്റ്ററിൽ പൂർണ്ണ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല

പണി പൂർത്തിയാക്കി റെഗുലറൈസ് ചെയ്യുന്ന കെട്ടിടങ്ങളുടെ വിവരങ്ങൾ, പെർമിറ്റ് കാലാവധിക്കുള്ളിൽ പണി പൂർത്തിയാക്കി നമ്പർ ലഭിച്ച കെട്ടിടങ്ങൾ, പെർമിറ്റ് കാലാവധിക്കുള്ളിൽ (3 വർഷം) പണി പൂർത്തിയാക്കാത്തതിനാൽ പെർമിറ്റ് പുതുക്കി നൽകിയ കെട്ടിടങ്ങൾ എന്നിവയുടെ വിവരങ്ങൾ, വാർഡ്, അസ്സസ്സ്മെന്റ് നമ്പർ എന്നിവ വ്യക്തമായി രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. പെർമിറ്റ് രജിസ്റ്ററിൽ ആവശ്യമായ വിവരങ്ങൾ ഉൾപ്പെടുത്തി കാലികമാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 2-4 വസ്തു നികുതി സംബന്ധിച്ച അപാകതകൾ

i) വസ്തു നികുതി പിരിവ് - കുടിശ്ശിക പിരിച്ചെടുത്തില്ല

പഞ്ചായത്തിന്റെ പ്രധാന വരുമാനമായ വസ്തുനികുതിയിനത്തിൽ 2017-18 സാമ്പത്തികവർഷാന്ത്യം കറണ്ട് കുടിശ്ശിക 9.9 ലക്ഷവും അരിയർ കുടിശ്ശിക 7.2ലക്ഷവുമാണ്. ഓഡിറ്റ് തീയതിയിലും 3.6 ലക്ഷം രൂപ 2017-18 ലെ വസ്തു നികുതി പിരിച്ചെടുക്കാനുണ്ട്. ഈ വിഷയത്തിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 13/14.11.2018) ഡിമാന്റ് ചെയ്ത മുഴുവൻ തുകയും പിരിച്ചെടുക്കുമെന്ന് അറിയിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ പ്രധാന വരുമാനമായ വസ്തു നികുതി പിരിവ് ഊർജ്ജിതമാക്കേണ്ടതാണ്. വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

ii) വസ്തു നികുതി നിർണ്ണയിച്ചതിൽ കുറവ്

പഞ്ചായത്ത് പരിധിയിൽ VII-ാം വാർഡിൽ പ്രവർത്തിക്കുന്ന സഞ്ജീവനി ആശുപത്രിയുടെ താഴെപ്പറയുന്ന കെട്ടിടങ്ങൾക്ക് ബഹു. കേരള ഹൈക്കോടതിയുടെ WP(c)No.6342/2015 തീയതി.29/05/2015 ഉത്തരവ് പ്രകാരം 2015-16 ൽ പ്രൊവിഷണലായി നമ്പർ നൽകി വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കി വരുന്നു. എന്നാൽ റോഡ് സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ ടി കെട്ടിടങ്ങൾക്ക് 20% മാത്രം വർദ്ധനവ് കണക്കാക്കുകയും തറ നിർമ്മിതിയുടെ(വിട്രിഫൈഡ് ടൈൽസ്) അടിസ്ഥാനത്തിൽ വർദ്ധനവ്(15%) വരുത്താതെയും വസ്തുനികുതി നിർണ്ണയിച്ചതിൽ താഴെപ്പറയുന്ന അപാകത ഉണ്ടായിട്ടുണ്ട്.

| കെട്ടിട നമ്പർ | വിസ്തീർണ്ണം ($m^2$) | അടിസ്ഥാന നിരക്ക് (b)x@8/- | വർദ്ധനവ് (20%) | ഈടാക്കിയ അടിസ്ഥാന വസ്തുനികുതി (c)+(d) | ഈടാക്കേണ്ട വസ്തുനികുതി | കുറവ് (f)-(e) |
|---|---|---|---|---|---|---|
| (a) | (b) | (c) | (d) | (e) | (f) | (g) |
| VII/155 A | 441 | 3528 | 706 | 4234 | 4763 | 529 |
| VII/155 B | 1903.8 | 15230 | 3046 | 18276 | 20561 | 2285 |
| VII/155 C | 1920 | 15360 | 3072 | 18432 | 20736 | 2304 |
| VII/155 D | 1920 | 15360 | 3072 | 18432 | 20736 | 2304 |
| VII/155 E | 506 | 4048 | 810 | 4861 | 5465 | 604 |
| VII/155 F | 441 | 3528 | 706 | 4238 | 4763 | 525 |
| | ആകെ | | | | | 8551 |

മേൽത്തരം തറ നിർമ്മിതിയുടെ (വിട്രിഫൈഡ് ടൈൽസ്) അടിസ്ഥാനത്തിൽ 15% വർദ്ധനവ് വരുത്താതെ വസ്തുനികുതി നിർണ്ണയിച്ചതുമൂലം അടിസ്ഥാന വസ്തുനികുതിയിൽ 8551/- രൂപയും ആനുപാതികമായി ലൈബ്രറി സെസ്സ് (5%) സേവന ഉപനികുതി (6%) എന്നിവയിലും കുറവുമുണ്ടായി. ഈ വിഷയത്തിന് നൽകിയ ഓഡിറ്റ്

അന്വേഷണത്തിന് (നം. 13/ 14.11.2018) ടി കെട്ടിടങ്ങളുടെ ടാക്സ് റിവിഷൻ നടത്താൻ നടപടി സ്വീകരിക്കുമെന്ന് അറിയിച്ചു. ടി കെട്ടിടങ്ങൾക്ക് അടിയന്തിരമായി ടാക്സ് റിവിഷൻ നടത്തി കുടിശ്ശിക ഉൾപ്പെടെയുള്ള തുക കണക്കാക്കി ഈടാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-5 ഡി & ഒ ലൈസൻസ് സംബന്ധിച്ച അപാകതകൾ

i) ലൈസൻസ് ഇല്ലാതെ പകുതിയോളം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ, കള്ളുഷാപ്പുകൾ തുടങ്ങിയ ധാരാളം സ്ഥാപനങ്ങൾ തൻ വർഷം ലൈസൻസ് എടുക്കാതെയാണ് പ്രവർത്തിച്ചത്. പഞ്ചായത്ത് തയ്യാറാക്കിയ ട്രേഡേഴ്സ് ലിസ്റ്റിൽ 325 സ്ഥാപനങ്ങൾ ഉൾപ്പെട്ടിട്ടുണ്ടെങ്കിലും 178 സ്ഥാപനങ്ങൾ മാത്രമാണ് 2017-18 ൽ ഡി & ഒ ലൈസൻസ് എടുത്തിട്ടുള്ളത്. ഇതിൽ നിന്നും പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന പകുതിയോളം സ്ഥാപനങ്ങൾ ലൈസൻസ് കൂടാതെയാണ് പ്രവർത്തിക്കുന്നതെന്ന് വ്യക്തമാണ്. ലൈസൻസ് എടുക്കാതെ പ്രവർത്തിച്ചതിനാൽ തൊഴിൽ നികുതിയിനത്തിലും ആനുപാതികമായ നഷ്ടം സംഭവിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ പ്രധാന വരുമാന സ്രോതസ്സായ ലൈസൻസ് ഫീസ് പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും ഈടാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

ii) ലൈസൻസ് ഫീസ് സംബന്ധിച്ച നിർദ്ദേശം പാലിച്ചില്ല

സ്ഥാപനങ്ങളിൽ നിന്ന് ഈടാക്കേണ്ട ഡി & ഒ ഫീസ് സംബന്ധിച്ച് ജി.ഒ(പി)നം.80/2017/തസ്വഭവ തീയതി.31.10.2017 നമ്പർ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും ടി നിബന്ധനകൾ 1/11/2017 ന ശേഷം നൽകിയ പല ഡി & ഒ ലൈസൻസിലും പാലിച്ചിട്ടില്ല. ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 10/13.11.2018) ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്ന് ബാലൻസ് തുക ഈടാക്കുന്നതാണെന്ന് മറുപടി ലഭിച്ചു. അപാകത പരിഹരിക്കുന്നതിനാവശ്യമായ സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

## 2-6 ഇ-ടെണ്ടർ ഫീസ്: കണക്കില്ല, തിരികെ ഈടാക്കുന്നില്ല

ഇ-ടെണ്ടർ ചെയ്യുന്ന മരാമത്ത് വേലകളുടെ ടെണ്ടർ ഫീസിന്റെ കണക്ക് ഗ്രാമപഞ്ചായത്ത് സൂക്ഷിക്കുന്നില്ല.

ഗ്രാമപഞ്ചായത്തിന്റെ തനത് വരവാണ് ഇ-ടെണ്ടർ ഫീസ്. ടെണ്ടർ നടപടിക്രമങ്ങളുടെ ഭാഗമായി ഫീസ് എൽ.എസ്.ജി.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് നിക്ഷേപിക്കുന്നത്. അവിടെ നിന്നും ഫീസ് ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് തിരികെ ഈടാക്കുന്നതായും കാണുന്നില്ല. തനത് വരവായിട്ടും ഈ വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയോ ഗ്രാമപഞ്ചായത്ത് കമ്മറ്റിയോ ശ്രദ്ധിച്ചതായി കാണുന്നില്ല.

മരാമത്ത് പ്രോജക്ടുകളുടെ നിർവഹണ ഉദ്യോഗസ്ഥയായ അസി. എഞ്ചിനിയറാണ് ഇ-ടെണ്ടർ ഫീസിന്റെ കണക്ക് സൂക്ഷിക്കേണ്ടത്. അസി. എഞ്ചിനിയർ കണക്ക് സൂക്ഷിക്കുന്നില്ല. ടെണ്ടർ രജിസ്റ്ററിൽ ഇ-ടെണ്ടറിന്റെ വിവരങ്ങൾ ചേർക്കുന്നില്ല. പ്രത്യേകം ഇ-ടെണ്ടർ രജിസ്റ്ററും സൂക്ഷിക്കുന്നില്ല (ഇ-ടെണ്ടർ ഫീസിന്റെ കണക്ക് ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണ (16/15.11.18) ത്തിന് പ്രതികരണമില്ലാത്തതിന്റെ അടിസ്ഥാനത്തിലാണ് ഈ നിഗമനം.)

2017-18ൽ ഗ്രാമപഞ്ചായത്തിന്റെ നിരവധി മരാമത്ത് പ്രോജക്ടുകൾ ഇ-ടെണ്ടർ ചെയ്തതായി കാണുന്നു (പദ്ധതി ചെലവ് പത്രികയിൽ അഞ്ച് ലക്ഷം രൂപയോ, അതിൽ കൂടുതലോ അടങ്കലുള്ള നിരവധി പ്രോജക്ടുകൾ ഉൾപ്പെടുന്നുണ്ട്. ഇവയിൽ ഏറെയും 17-18ൽ ചെലവ് ഇല്ലാത്തവയാണ്.) ഓഡിറ്റിന് ലഭ്യമാക്കിയ പ്രോജക്ടുകളിൽ ഇ-ടെണ്ടർ ചെയ്ത 49/18, 46/18 എന്നിവയുടെ ടെണ്ടർ ഫീസ് -5670/-രൂപ പിരിച്ചതായി രേഖയുണ്ട്. ഈ തുക ഗ്രാമപഞ്ചായത്തിന് തിരികെ ലഭിച്ചിട്ടുണ്ടോയെന്നത് വ്യക്തമല്ല. 5670/- രൂപ തനത് ഫണ്ടിലേക്ക് ഈടാക്കേണ്ടതാണ്.

ഇ-ടെണ്ടർ രജിസ്റ്റർ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. കൂടാതെ ഇ-ടെണ്ടർ ഫീസിന്റെ കണക്കും ഈടാക്കിയ ഫീസിന്റെ കണക്കും ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 സർക്കാർ ഫണ്ട് : 1.01 കോടി നഷ്ടപ്പെട്ടുത്തി

ഗ്രാമപഞ്ചായത്തിന്റെ വികസനത്തിന് 2017-18ൽ സർക്കാർ നല്കിയ വിവിധ ഫണ്ടുകളിൽ 10135814/- രൂപ ചെലവഴിക്കാതെ നഷ്ടപ്പെട്ടുത്തി. ഇത് 17-18ൽ ആകെ ലഭിച്ച സർക്കാർ ധനസഹായത്തിന്റെ 23% വരും.

വിവരണം (എസിആർ വിവരങ്ങൾ അടിസ്ഥാനമാക്കി. ബ്രാക്കറ്റിൽ ആകെ ലഭിച്ച തുക) താഴെ

| | | | |
|---|---|---|---|
| 1. | വികസന ഫണ്ട് ജനറൽ | 3110374 | (13254950) |
| 2. | വികസന ഫണ്ട് (എസ്. സി. പി) | 599607 | (8126724) |
| 3. | സി.എഫ്.സി | 461483 | (6584668) |
| 4. | കെ.എൽ.ജി.എസ്.ഡി.പി (കേന്ദ്രം) | 1207067 | (3059567) |
| 5. | സംരക്ഷണ ഗ്രാന്റ് (റോഡ്) | 3868725 | (8377605) |
| 6. | സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 888558 | (3639447) |
| | ആകെ | 10135814 | (43042961) |

1.01 കോടി ചെലവഴിക്കാതെ നഷ്ടപ്പെട്ടുത്തിയതിന് ഗ്രാമപഞ്ചായത്തി ന്റെ വിശദീകരണം ക്ഷണിച്ചെങ്കിലും (ഓഡിറ്റ് അന്വേഷണം) ലഭ്യമായില്ല. പദ്ധതി ആസൂത്രണ നിർവഹണ പ്രക്രിയ കാര്യക്ഷമമാക്കി വരും വർഷങ്ങളിൽ ഈ വീഴ്ച ഒഴിവാക്കേണ്ടതാണ്. വികസന സ്റ്റാന്റിംഗ് കമ്മറ്റിയുടെ പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു.

## 3-2 വാഹനത്തിന്റെ ലോഗ് ബുക്ക് ശരിയായ രീതിയിൽ സൂക്ഷിക്കുന്നില്ല

പഞ്ചായത്ത് വക വാഹന (KL-30F-252) ത്തിന്റെ ലോഗ് ബുക്ക് ശരിയായ രീതിയിൽ സൂക്ഷിച്ചിട്ടില്ല. വാഹന പരിപാലനം സംബന്ധിച്ച സർക്കുലർ നം. 41/2008/ധനം. 2.8.2008 ലെ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല. ആറ് മാസത്തിലൊരിക്കൽ വാഹനത്തിന്റെ ഇന്ധന ക്ഷമതാ ടെസ്റ്റ് നടത്തിയിട്ടില്ല. വാഹനത്തിന്റെ പ്രതിമാസ ഡീസൽ വാങ്ങലുമായി ബന്ധപ്പെട്ട വിവരങ്ങൾ പൂർണ്ണമായി ലോഗ് ബുക്കിൽ ചേർത്തിട്ടില്ല. ഇന്ധന ഉപയോഗത്തിന്റെ സംക്ഷിപ്തം ലോഗ് ബുക്കിൽ തൻമാസം അവസാന ദിവസം രേഖപ്പെടുത്തേണ്ടതാണെങ്കിലും ഇപ്രകാരം ചെയ്ത് പോരുന്നില്ല. ആയതിനാൽ യാത്ര ചെയ്ത ദൂരത്തിനനുസൃതമായാണോ ഇന്ധനഉപഭോഗം എന്ന് വ്യക്തമല്ല. ലോഗ് ബുക്ക് സർക്കാർ മാർഗ്ഗ നിർദ്ദേശാനുസരണം തയ്യാറാക്കി സൂക്ഷിക്കുന്നതിലേക്ക് അടിയന്തിര നടപടി സ്വീകരിക്കുവാൻ ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-3 തെരുവ് വിളക്കുകളുടെ പരിപാലനം - സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല

നിർവ്വഹണോദ്യോഗസ്ഥൻ - സെക്രട്ടറി

പ്രോജക്ട് നം. - 101/18

ചെലവഴിച്ച തുക - 400000/-

മേൽ പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്തിലെ നിലവിലുള്ള തെരുവ് വിളക്കുകളുടെ അറ്റകുറ്റപണി നടത്തുന്നതിനും എൽ.ഇ.ഡി ലൈറ്റ് സ്ഥാപിക്കുന്നതിനും ക്വട്ടേഷൻ ക്ഷണിച്ച് കരാറുകാരനെ ഏൽപ്പിച്ചിട്ടുള്ളതാണ്. ഫയൽ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1. ഗ്രാമപഞ്ചായത്ത് പ്രദേശത്തെ മുഴവൻ തെരുവു വിളക്കുകളുടെ വിവരങ്ങൾ, പോസ്റ്റ് നമ്പർ ഉൾപ്പെടെ രേഖപ്പെടുത്തിയ ആസ്തി രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.
2. തെരുവ് വിളക്കുകളുടെ പ്രവർത്തനം സംബന്ധിച്ച പരാതികൾ സ്വീകരിക്കുന്നതിനായുള്ള പരാതി രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.
3. തെരുവ് വിളക്കുകളുടെ പ്രവർത്തനം സംബന്ധിച്ച് വാർഡുതല മോണിട്ടറിംഗ് സമിതി രൂപീകരിച്ച് പ്രവർത്തനം വിലയിരുത്തിയിട്ടില്ല.

4. ഇലക്ട്രീഷ്യൻമാരുടെ അംഗീകൃത ഇൻഷ്വറൻസ് രേഖകൾ ഹാജരാക്കിയിട്ടില്ല.
5. ഗ്രാമപഞ്ചായത്തിലെ തെരുവുവിളക്കുകളുടെ ഇനം തിരിച്ചുള്ള എണ്ണം സംബന്ധിച്ച് കെ.എസ്.ഇ.ബി സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.
6. തെരുവുവിളക്ക് ഉപകരണങ്ങൾ വാങ്ങൽ എന്ന പ്രോജക്ട് നടത്തിപ്പിനാവശ്യമായ സാധനങ്ങളുടെ ആവശ്യകത നിർണ്ണയിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല
7. പ്രവർത്തനക്ഷമമായ തെരുവുവിളക്കുകളുടെ എണ്ണം ഗ്രാമപഞ്ചായത്തും കെ.എസ്.ഇ.ബി യും സംയുക്തപരിശോധന നടത്തി കണക്കാക്കിയിട്ടില്ല.
8. വാങ്ങിയ ഉപകരണങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് വിതരണം ചെയ്തത്, വിനിയോഗ രേഖകൾ, മാറ്റിയ പഴയ ഉപകരണങ്ങൾ സ്റ്റോക്കിൽ എടുത്തത് എന്നീ രേഖകൾ ഹാജരാക്കിയിട്ടില്ല.
9. കെ.എസ്.ഇ.ബിയുടെ പൂർത്തീകരണ സാക്ഷ്യപത്രം, കരാറുകാരന്റെ അപേക്ഷ, തുക നൽകിയതിന്റെ രേഖകൾ തുടങ്ങിയവ ഹാജരാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭിച്ചില്ല. മേൽപ്പറഞ്ഞ അപാകതകൾ പരിഹരിക്കാനാവശ്യമായ സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-4 തെരുവ് വിളക്കുകളുടെയും വാട്ടർ ടാപ്പുകളുടെയും സംയുക്ത പരിശോധന നടത്തുന്നില്ല

ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് ചെലവ് വൗച്ചർ പരിശോധിച്ചതിൽ തൻവർഷം തെരുവ് വിളക്കുകളുടെ കറന്റ് ചാർജ്ജിനത്തിൽ 1205368/- രൂപയും വാട്ടർചാർജ്ജിനത്തിൽ 677256/- രൂപയും ചെലവഴിച്ചിട്ടുണ്ട്. തെരുവ് വിളക്കുകളുടെ എണ്ണം, ഇനം, തരം എന്നിവ സംബന്ധിച്ച് കെ.എസ്.ഇ.ബിയുമായി ചേർന്ന് നാളിതുവരെ സംയുക്ത പരിശോധന നടത്തിയതായി രേഖയില്ല. വാട്ടർ അതോറിറ്റിയുമായി ചേർന്ന് പഞ്ചായത്തിലെ പൊതു ടാപ്പുകളുടെ എണ്ണം സംബന്ധിച്ച കണക്കെടുപ്പും നടത്തിയിട്ടില്ല. ഈ നടപടികൾ മൂലം ഉപയോഗത്തിലധിഷ്ഠിതമല്ലാതെ കറന്റ്ചാർജ്ജും വാട്ടർചാർജ്ജും അടക്കുവാൻ പഞ്ചായത്ത് നിർബന്ധിതമാവുന്നു. എന്നാൽ ഈ വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ഏതെങ്കിലും തീരുമാനമെടുത്തതായോ ഇതിലേക്കാവശ്യമായ മേൽ നിർദ്ദേശം നൽകിയതായോ രേഖയില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.19/15.11.18) മറുപടി ലഭ്യമാക്കിയില്ല. സത്വര മേൽ നടപടികൾ സ്വീകരിക്കുന്നതിലേക്ക് വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-5 സബ്സിഡി മാർഗ്ഗരേഖയിലെ നിബന്ധനകൾ പാലിക്കാതെ സബ്സിഡി അനുവദിക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ : ഐ.സി.ഡി.എസ് സൂപ്പർവൈസർ

പ്രോജക്ടിന്റെ പേര് : ഭിന്നശേഷി ഉള്ളവർക്ക് പെട്ടിക്കട

പ്രോജക്ട് നം. : S0011/18

ചെലവഴിച്ച തുക : 69516/-

ഐ.സി.ഡി.എസ് സൂപ്പർ വൈസർ നിർവ്വഹണോദ്യോഗസ്ഥയായി നടപ്പിലാക്കിയ ഭിന്നശേഷിയുള്ളവർക്ക് പെട്ടിക്കട എന്ന പദ്ധതി പ്രകാരം മൂന്ന്ഗുണഭോക്താക്കൾക്ക് പെട്ടിക്കട നിർമ്മിച്ച് നൽകിയതിന് ശ്രീ. സന്തോഷ് , പിരളശ്ശേരി വടക്കതിൽ , തുരുത്തിമേൽ എന്നയാൾക്ക് ബിൽ നമ്പർ 91/18 തീയതി. 24.03.18പ്രകാരം 69516/-രൂപ പിൻവലിച്ച് നൽകിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. പദ്ധതി മാർഗ്ഗരേഖപ്രകാരം നടത്തിപ്പിനുള്ള അവകാശം മാത്രമേ നൽകാവൂ. ഉടമസ്ഥാവകാശം സ്ഥാപനത്തിനാണ്. ഗുണഭോക്താക്കൾ ഹാജരാക്കിയ കരാറിൽ ഉടമസ്ഥാവകാശം ഗുണഭോക്താവിനാണ് എന്ന സാക്ഷ്യപ്പെടുത്തലാണുള്ളത്.
2. പെട്ടിക്കട നടത്തുന്നതിന് പഞ്ചായത്തിൽ നിന്നും ലൈസൻസ് എടുത്തതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

3. ഗുണഭോക്താക്കൾക്ക് ഇതിന് മുമ്പ് സ്വയം തൊഴിൽ സംരംഭത്തിന് ധന സഹായം ലഭിച്ചിട്ടില്ല എന്ന ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ സാക്ഷ്യപ്പെടുത്തലില്ല.
4. മോണിട്ടറിംഗ് റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.
5. ഗുണഭോക്താക്കളിൽ ശ്രീ.മധുസൂദൻപിള്ള, പൂത്തൂർ, ശ്രീ.ചന്ദ്രൻ, കയ്യാലയ്ക്കൽ എന്നിവർ റോഡ് പുറമ്പോക്കിലാണ് പെട്ടിക്കട സ്ഥാപിച്ചത്. ശ്രീ.ചന്ദ്രൻ, കയ്യാലയ്ക്കൽ എന്നയാൾക്ക് നൽകിയ പെട്ടിക്കട നിലവിൽ പ്രവർത്തിക്കുന്നില്ല. .

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് ഓഡിറ്റ് അന്വേഷണ (3/12.11.18) ത്തിന് നിർവ്വഹണോദ്യോഗസ്ഥയുടെ ടെക്നിക്കൽ സപ്പോർട്ടിലുള്ള അറിവില്ലായ്മയാണ് ഇത്തരത്തിൽ സംഭവിച്ചതെന്നും പ്രവർത്തന രഹിതമായ പെട്ടിക്കട ഡിസംബർ മൂന്ന് വികലാംഗ ദിനത്തിൽ പ്രവർത്തനം ആരംഭിക്കുന്നതാണെന്നും ഗുണഭോക്താക്കൾ ലൈസൻസ് എടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്നും റോഡ് പുറമ്പോക്കിൽ സ്ഥാപിച്ചവ അവിടെ നിന്നും മാറ്റി സ്ഥാപിക്കണമെന്ന് നിർദ്ദേശം നൽകിയതായും മറുപടിലഭ്യമാക്കി. മേൽ അപാകതകൾ പരിഹരിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 3-6 ഡെപ്പോസിറ്റ് പ്രവൃത്തികൾ - പൂർത്തീകരിച്ചിട്ടില്ല

ഗ്രാമ പഞ്ചായത്തിൽ ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി 2017-18 വർഷം കെ.എസ്.ഇ.ബി, കേരള വാട്ടർ അതോറിറ്റി എന്നീ സ്ഥാപനങ്ങളിൽ ആകെ 2906273/-രൂപ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. ഈ പ്രവൃത്തികളുടെ പൂർത്തീകരണവുമായി ബന്ധപ്പെട്ട് കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതിയുടെ പേര് | പ്രോജക്ട് നം., അടങ്കൽ തുക/ ചെലവഴിച്ച തുക (ബിൽ നം.) | നിർവ്വഹണോദ്യോഗസ്ഥന്റെ പേര് | തടസ്സപ്പെടുത്തിയ കാരണം |
|---|---|---|---|---|
| 1 | കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 73/18, വികസന ഫണ്ട് (ധനകാര്യ കമ്മീഷൻ അവാർഡ്) 10,00,000/- ബിൽ നം. 20/4.01.18 449500/-, (ബിൽ നം32/28.03.18 | സെക്രട്ടറി | പഞ്ചായത്തും വാട്ടർ അതോറിറ്റിയു മായി ഒപ്പുവെച്ച കരാർ, ധനവിനിയോഗ സാക്ഷ്യപത്രവും ഹാജരാക്കിയില്ല |
| 2 | പട്ടികജാതി കോളനികളിലേക്ക് കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 69/18, വികസന ഫണ്ട് 791500/- (ബിൽ നം.19/4.01.18 ), | സെക്രട്ടറി | പഞ്ചായത്തും വാട്ടർ അതോറിറ്റിയു മായി ഒപ്പുവെച്ച കരാർ, ധനവിനിയോഗ സാക്ഷ്യപത്രവും ഹാജരാക്കിയില്ല |
| 3 | വഴിവിളക്ക് ലൈൻനീട്ടൽ | 209/18 (ധനകാര്യ കമ്മീഷൻ അവാർഡ്) 665273/-(ബിൽ നം. 21/4.01.18/665273/-) | സെക്രട്ടറി | കരാർ, ധനവിനിയോഗ സാക്ഷ്യപത്രവും ഹാജരാക്കിയില്ല |

മേൽ പ്രവൃത്തികൾക്കായി പഞ്ചായത്തും വാട്ടർ അതോറിറ്റിയുമായി ഒപ്പുവെച്ച കരാർ ടി പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ പൂർത്തീകരണ, ധനവിനിയോഗ സാക്ഷ്യപത്രവും പരിശോധനയ്ക്കായി ഹാജരാക്കുന്നതിന് ഓഡിറ്റ് അന്വേഷണ (നം.17/14.11.18) ത്തിന്, വഴി വിളക്ക് ലൈൻ നീട്ടൽ പദ്ധതി യ്ക്കായി 807432/- രൂപകൂടി ആവശ്യമാണെന്ന് കെ.എസ്.ഇ.ബി യിൽ നിന്ന് അറിയിച്ചിട്ടുള്ളതാണെന്നും പൈപ്പ് ലൈൻ നീട്ടൽ പദ്ധതി പൂർത്തീകരിച്ചിട്ടില്ലാത്തതിനാലാണ് സാക്ഷ്യപത്രം ഹാജരാക്കാതിരുന്നത് എന്നും മറുപടി നൽകി. രേഖകൾ ഹാജരാക്കാത്തതിനാൽ എസ്റ്റിമേറ്റിൽ പറഞ്ഞിട്ടുള്ള ഓരോ ഇനത്തിനും ചുമത്തിയിട്ടുള്ള നിരക്കിന്റെ കൃത്യത പരിശോധിക്കുവാൻ കഴിഞ്ഞില്ല. കരാർ ലഭ്യമല്ലാത്തതിനാൽ മേൽ പറയുന്ന പ്രവൃത്തികൾ എപ്പോൾ

ആരംഭിച്ചുവെന്നും എപ്പോൾ പൂർത്തീകരിക്കുമെന്നും വ്യക്തമല്ല. രേഖകളുടെ അഭാവത്തിൽ മേൽ ഡിപ്പോസിറ്റ് പ്രവൃത്തികൾക്കായി ചെലവഴിച്ച2906273/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-7 'പി.എച്ച്.സി യിലേക്ക് മരുന്ന് വാങ്ങൽ' - മരുന്നുകളൊന്നും ലഭിച്ചില്ല

പ്രോജക്ട് നം. : S0072/18

പാലിയേറ്റീവ് കെയറിന് മരുന്ന് വാങ്ങൽ

ചെലവ് : 15000/-

ബിൽ നം. : 1707025200960903158 തീയതി. 17.01.18

മെഡിക്കൽ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥയായി S0072/18 നമ്പരായിനടപ്പിലാക്കിയ പാലിയേറ്റീവ് കെയർ പ്രോജക്റ്റിൽ മരുന്നുവാങ്ങലിനായി 15000/-രൂപ ബിൽ നം.1707025200960903158 തീയതി. 17.01.18 പ്രകാരം പിൻവലിച്ച് കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന് നൽകിയിരുന്നു. തുക മുൻകൂർ നൽകിയിട്ടും മരുന്നുകളൊന്നും തന്നെ ലഭിക്കാതിരുന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.7 തീയതി.13.11.18) മരുന്നുകൾ സമയബന്ധിതമായി ലഭ്യമാക്കുന്നത് സംബന്ധിച്ച് രേഖാമൂലവും ഫോൺ മുഖാന്തിരവും മെഡിക്കൽ സർവീസ് കോർപ്പറേഷനെ അറിയിച്ചിരുന്നതായും ഉടനെ മരുന്ന ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചിട്ടുള്ളതായും മറുപടി ലഭ്യമാക്കി. മരുന്നുകൾ ലഭ്യമാകുന്നതുവരെ ചെലവ് തുക തടസ്സപ്പെടുത്തുന്നു. മരുന്നുകൾ അടിയന്തിരമായി ലഭിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-8 രസീതില്ലാതെ സേവന നികുതി തിരികെ കൊടുത്തു

മരാമത്ത് പ്രോജക്ടിൽ വകയിരുത്തിയ സേവന നികുതി കേന്ദ്രസർക്കാരിൽ ഒടുക്കിയത് ഉറപ്പ് വരുത്താതെ കരാറുകാരന് തിരികെ കൊടുത്തു.

അസിസ്റ്റന്റ് എഞ്ചിനിയർ നടപ്പാക്കിയ വാർഡ് 7ലെ 37-ാം നമ്പർ അംഗൻവാടി അറ്റകുറ്റപണി (പ്രോജക്ട് - 200/18) യിലാണ് കേന്ദ്രസർക്കാരിന്റെ രസീതില്ലാതെ സേവന നികുതി കരാറുകാരൻ എസ്. സുജിത് കുമാറിന് തിരികെ കൊടുത്തത്.

പണിയുടെ എസ്റ്റിമേറ്റിൽ സേവന നികുതി 12849/- രൂപ വകയിരുത്തിയിരുന്നു. എം.ബുക്ക് (32/16-17), ട്രഷറി ബിൽ (7/28.06.17 - ആകെ 135215/- രൂപ) എന്നിവ അനുസരിച്ച് സേവന നികുതി 12849/- രൂപ- ഉൾപ്പെടെ 127872/- രൂപ കരാറുകാരന് നല്കിയതായി കാണുന്നു. കരാറുകാരൻ സേവന നികുതി ഒടുക്കിയതായി തെളിയിക്കുന്ന രസീത് പ്രോജക്ട് ഫയലിൽ സൂക്ഷിക്കാതെയാണ് തിരികെ കൊടുത്തത്. സേവന നികുതി കേന്ദ്രസർക്കാരിന് അവകാശപ്പെട്ടതാണ്.അതിന്റെ ഒടുക്ക് ഉറപ്പാക്കാതെ കരാറു കാരന് നല്കിയത് നിയമവിരുദ്ധമാണ്.

രസീത് ഓഡിറ്റിന് ഹാജരാക്കാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണ(18/15.11.18)ത്തിന് നിർവഹണ ഉദ്യോഗസ്ഥ മറുപടി സമർപ്പിച്ചില്ല. അന്വേഷണത്തിൽ ആവശ്യപ്പെട്ട രസീത് ഹാജരാക്കിയുമില്ല. രസീതില്ലാതെ സേവന നികുതി പിൻവലിച്ച് കരാറുകാരന് നല്കിയത് ഓഡിറ്റിൽ അനുവദിക്കുന്നില്ല.

ഓഡിറ്റ് റിപ്പോർട്ടിനുള്ള മറുപടിയിൽ കേന്ദ്രസർക്കാരിന്റെ സേവന നികുതി രസീതോ അധികം പിൻവലിച്ച 12849/- രൂപ ട്രഷറി ശീർഷകത്തിൽ തിരികെ ഒടുക്കിയ ചെല്ലാനോ ഹാജരാക്കേണ്ടതാണ്. ഇവയുടെ അഭാവത്തിൽ 12849/- രൂപ അസി. എഞ്ചിനിയറുടെ ബാധ്യതയായി നിർണ്ണയിക്കുന്നതാണ്. അതേവരെ 12849/- രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു.

## 3-9 ടാറിംഗ് പ്രോജക്ടുകളിൽ ബാരൽ വില ഈടാക്കിയില്ല

*അസി.എഞ്ചിനിയർ നിർവഹിച്ച റോഡ് ടാറിംഗ്/റീ ടാറിംഗ് പ്രോജക്ടുക ളിൽ ഉപയോഗിച്ച ടാറിന്റെ ബാരൽ വില ഈടാക്കിയില്ല.*

എസ്റ്റിമേറ്റിൽ പാക്ക്ചെയ്ത ബിറ്റുമൻ നിരക്ക് നല്കിയ വേലകളിലാണ് ബാരൽ വില ഈടാക്കാഞ്ഞത്. എന്നാൽ ഓഡിറ്റ് വർഷം കരാറുകാൻ നടപ്പാക്കിയ ഒരു ടാറിംഗ് വേലയിൽ ബാരൽ വില ഈടാക്കിയതായി കാണുന്നു. 46/18-താനുവേലിൽ പടി എണ്ണമ്പിൽ റോഡ് മെറ്റലിംഗ്&ടാറിംഗ് എന്ന പ്രോജക്ടിലാണ് 3091/- രൂപ ബാരൽ വില ഈടാക്കിയത്. ബാരൽ വില ഈടാക്കാനുള്ള പ്രോജക്ടുകളും കരാറുകാർ നടപ്പാക്കിയവയാണ്. ഐറ്റം റേറ്റിലല്ല എസ്റ്റിമേറ്റ് നിരക്കിലാണ് ഈ പ്രോജക്ടുകളെ ല്ലാം അവർ ഏറ്റെടുത്തത്.

ഈ വിഷയത്തിൽ നല്കിയ ഓഡിറ്റ് അന്വേഷണത്തിന് കരാറുകാർ നേരിട്ട് ടാർ വാങ്ങിയതിനാലും എസ്റ്റിമേറ്റ് നിരക്കിനേക്കാൾ ഉയർന്ന വില ഇവർ ടാറിന് നല്കിയതിനാലുമാണ് ബാരൽ വില ഈടാക്കാഞ്ഞതെന്ന് പ്രോജക്ടുകൾ നിർവഹിച്ച അസി.എഞ്ചിനിയർ ലിജിയ രാജു മറുപടി നല്കിയിട്ടുണ്ട്.ഈ രണ്ട് വിശദീകരണങ്ങളും ബാരൽ വില ഈടാക്കാതിരിക്കാൻ ന്യായീകരണങ്ങളല്ല.ടാറിന്റെ വില അടിസ്ഥാനമാക്കിയല്ല ബാരൽ വില ഈടാക്കുന്നത്. ടാറിന് എസ്റ്റിമേറ്റ് നിരക്കിനേക്കാൾ കൂടുതൽ വിലയാണെങ്കിൽ ബാരൽ വില ഈടാക്കേണ്ടെന്നും സർക്കാർ നിർദേശമില്ല. മാത്രമല്ല എസ്റ്റിമേറ്റിലെ അളവിൽ ടാർ ഉപയോഗിച്ചു എന്നത് തെളിയിക്കാൻ കൂടി വേണ്ടിയാണ് ഒഴിഞ്ഞ ബാരലോ അതിന്റെ വിലയോ അക്കൗണ്ട് ചെയ്യപ്പെടേണ്ടത്.

2017-18 ലെ താഴെ പറയുന്ന18 റോഡ് ടാറിംഗ് പ്രോജക്ടുകളിലാണ് ഒഴിഞ്ഞ ടാർ ബാരലിന്റെ വില ഈടാക്കാഞ്ഞത്. ബാരൽ വില (238+ ജിഎസ് ടി 43=281രൂപ) ഈടാക്കാത്തതിനാൽ താഴെ പത്രികയിലെ 7-ാം കോളത്തിൽ നിർണയിച്ച തുക ഓരോ പ്രോജക്ടിലും അധികചെലവ് കാണുന്നു.

| ക്രമ നം. | പ്രോജക്ട് നം., പ്രോജക്ട് പേര് | കരാറുകാരൻ | എം.ബുക്ക് നം. | ഉപയോഗിച്ച ടാറിന്റെ അളവ് | ബാരൽ എണ്ണം | ബാരൽ വില | ട്രഷറി ബിൽ |
|---|---|---|---|---|---|---|---|
| 1. | 86/18-ആഞ്ഞിലിച്ചുവട് നല്ലൂർകുളം റോഡ് റീ-ടാറിംഗ് | സുജിത് കുമാർ.എസ് | 97/17-18 | 2720 | 18 | 5058 | 290878/24.03.18 6/28.6.17-197605 |
| 2. | 92/18-നല്ലൂർകുളം വരിക്കോലിപ്പടി റോഡ് റീ-ടാറിംഗ് | സുജിത് കുമാർ.എസ് | 98/17-18 | 2345 | 15 | 4215 | 290895/24.03.18, 52/26.03.18-264371 |
| 3. | 95/18-പഴംചിറ മുട്ടംപാട്ട് റോഡ് റീ- ടാറിംഗ് | സുജിത് കുമാർ.എസ് | 99/17-18 | 3248 | 21 | 5901 | 290896/24.03.18, 53/26.03.18-366902 |
| 4. | 114/18-കുന്നിനേത്ത് ആദിക്കാട്ട് റോഡ് റീ- ടാറിംഗ് | മാമൻ എബ്രഹാം | 119/17-18 | 2415 | 16 | 4496 | 56/28.03.18-274796 |
| 5. | 136/18-കൊച്ചുമലയിൽ പുത്തൻ പുരയിൽ റോഡ് മെറ്റലിംഗ് &ടാറിംഗ് | മാമൻ എബ്രഹാം | 134/17-18 | 1160 | 8 | 2248 | 338343/27.03.18, 58/28.03.18-286564 |
| 6. | 85/18-മോടിയിൽ കുഴിയത്ത് പടി റോഡ് റീ-ടാറിംഗ് | സുജിത് കുമാർ.എസ് | 135/17-18 | 1147 | 8 | 2248 | 82844/9.05.18, 61/31.03.18-131507 |

| | | | | | | | |
|---|---|---|---|---|---|---|---|
| 7. | 133/18-പട്ടന്റയ്യത്ത് കോളനി ആൽത്തറ ജംഗ്ഷൻ സഞ്ചായക്കടവ് മെറ്റലിംഗ്&ടാറിംഗ് | മാമൻ എബ്രഹാം | 136/17-18 | 1160 | 8 | 2248 | 354813/28.03.18 |
| 8. | 99/18-മുസ്ളീംപള്ളിപ്പടി-സഞ്ചായക്കടവ് റീ ടാറിംഗ്,വാർഡ്-10 | മാമൻ എബ്രഹാം | 122/17-18 | 1945 | 13 | 3653 | 82846/9.05.18 |
| 9. | 50/18-കടയിക്കാട് കുളം -കുഴിയത്ത് കടവ് റോഡ് റീടാറിംഗ്,വാർഡ്-12 | അശോകൻ | 36/16-17 | 3793 | 25 | 7025 | 14/13.7.17-400000,15 /13.7.17-28411 |
| 10. | 48/18-പ്ളാങ്കൂട്ടത്തിൽപടി-ഇടമുറി റോഡ് സെക്കന്റ് മെറ്റലിംഗ്&ടാറിംഗ്,വാർഡ് 6 | പി.ഭദ്രൻ | 38/16-17 | 2369 | 15 | 4215 | 16/13.7.17-382548 |

| | | | | | | | |
|---|---|---|---|---|---|---|---|
| 11. | 123/18-ഓട്ടോഫീസ് കാട്ടുപറമ്പിൽ റോഡ് ഫസ്റ്റ് &സെക്കണ്ട് മെറ്റലിംഗ്&ടാറിംഗ് | സുജിത് കുമാർ.എസ് | 90/17-18 | 1078 | 7 | 1967 | 290879/24.03.18, 54/26.03.18-274105 |
| 12. | 51/18-കരിക്കിൻ വിള കോളനി റോഡ് റീടാറിംഗ് | വി.ആർ ശശി | 01/17-18 | 1199 | 9 | 2529 | 734220/27.11.17,26 /11.01.18 |
| 13. | 117/18-ചെറുവല്ലൂർ ടെമ്പിൾ നെടുവക്കാട്ട് കോളനി റോഡ് റീ ടാറിംഗ് | സിറാജ് | 08/16-17 | 3391 | 28 | 7868 | 431141/31.08.17, |
| 14. | 102/18-പാലപത്രുപടി നെടിയാത്ത് പടി റോഡ് റീ ടാറിംഗ് | മാമൻ എബ്രഹാം | 02/17-18 | 4384 | 29 | 8149 | 210919/30.06.17,12 /1.7.17-495721 |
| 15. | 52/18-തയ്യിൽ പടി പുത്തൂർ പടി റോഡ് സെക്കന്റ് മെറ്റലിംഗ് &ടാറിംഗ് | വി.ആർ ശശി | 03/17-18 | 2160 | 14 | 3934 | 734217/27.11.17,25 /11.1.18-420073 |
| 16. | 53/18-കൊല്ലകടവ് മാർക്കറ്റ് റോഡ് റീ ടാറിംഗ് | സുബൊധ് എം. | 02/17-18 | 3411 | 22 | 6182 | 735027/27.11.17,27 /11.01.18-399719 |
| 17. | 192/18-കൊയ്പള്ളി പടി മണലേൽ റോഡ് മെറ്റലിംഗ്&ടാറിംഗ് | മാമൻ എബ്രഹാം | 40/16-17 | 1699 | 11 | 3091 | 23/8.01.18-389494 |
| 18. | 47/18-പ്ളാമൂട്ടിൽ പടി മൂലകോണത്ത് പടി റോഡ് ഫസ്റ്റ് &സെക്കന്റ് മെറ്റലിംഗ് , ടാറിംഗ്,വാർഡ്-10 | മാമൻ എബ്രഹാം | 122/17-18 | 1289 | 9 | 2529 | 17/22.7.17-445027 |

| | | | | | | | |
|---|---|---|---|---|---|---|---|
| | ആകെ | | | | | 77556 | |

അധികചെലവ് കരാറുകാരിൽ നിന്ന് ഈടാക്കേണ്ടതാണ്. ഓഡിറ്റ് റിപ്പോർട്ടിനുള്ള മറുപടിയിൽ ഈടാക്കിയ വിവരം അറിയിക്കേണ്ടതാണ്. അധിക ചെലവ് ക്രമീകരിച്ച വിവരം ലഭ്യമായില്ലെങ്കിൽ നിർവ്വഹണ ഉദ്യോഗസ്ഥയുടെ ബാധ്യതയായി ഓഡിറ്റ് നിർണയിക്കുന്നതാണ്.

## 3-10 13ലക്ഷം രൂപയുടെ മരാമത്ത് പ്രോജക്ട് ഫയലുകൾ ഓഡിറ്റിന് ഹാജരാക്കിയില്ല

1297308/- രൂപ ചെലവഴിച്ച 5 മരാമത്ത് പ്രോജക്ടുകളുടെ വർക്ക് ഫയലുകൾ ഓഡിറ്റിന് ഹാജരാക്കിയില്ല. ഫയലുകൾ നിരവധി തവണ നേരിട്ട് ആവശ്യപെട്ടിട്ടും ഗ്രാമപഞ്ചായത്തിന്റെ എഞ്ചിനിയറിംഗ് വിഭാഗം ഹാജരാക്കിയില്ല. ഫയലുകൾ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണ(15/15.11.18)ത്തിന്റെ പ്രസക്ത ഭാഗം അതേപടി താഴെ ചേർക്കുന്നു.

5.11.18ന് ഓഡിറ്റ് തുടങ്ങി 9 ദിവസം കഴിഞ്ഞ് ഓഡിറ്റ് അവസാനിക്കാൻ ഒരു ദിവസം മാത്രം ബാക്കിനില്ക്കുമ്പോഴും താഴെ പറയുന്ന മരാമത്ത് പ്രോജക്ടുകളുടെ വർക്ക് ഫയലുകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ലെന്ന വിവരം അറിയിക്കുന്നു (ഫയലുകൾ നിരവധി തവണ ഓവർസിയറോട് നേരിട്ട് ആവശ്യപ്പെട്ട വിവരവും ശ്രദ്ധയിൽപെടുത്തുന്നു).

1. പ്രോ.44- വില്ലേജ് ഓഫീസ് കവലയ്ക്കൽ റോഡ് പുനരുദ്ധാരണം (വാർഡ് -11) 296939/- രൂപ (ട്രഷറി ബിൽ 20/2.9.17)
2. പ്രോ.103-ഊരുതറ തോണ്ടുതറ റോഡ് സൈഡ് പ്രോട്ടക്ഷൻ &ഫില്ലിംഗ് (വാർഡ്-3) 307329/- രൂപ (2/28.6.17)
3. പ്രോ.155-കൊല്ലകടവ് മാർക്കറ്റ് ഷോപ്പിംഗ് കോപ്ളക്സ് ബാലൻസ് വർക്ക് (വാർഡ്-11) 45254/- രൂപ (59/28.03.18)
4. പ്രോ.197-ആഞ്ഞിലിച്ചുവട് നല്ലൂർകളം റോഡ് സൈഡ് ഇന്റർലോക്ക് (വാർഡ്-8) 197605/- രൂപ (6/28.06.17)
5. പ്രോ.198-സബ് രജിസ്റ്റാർ ഓഫീസ് അറ്റകുറ്റപണി (വാർഡ്-11) 450181/- രൂപ (9/30.6.18).

ഫയലുകളുടെ അഭാവത്തിൽ ആകെ ചെലവ് 1297308/- രൂപ ഓഡിറ്റിൽ തടസപ്പെടുത്തുന്നു. ഗുരുതരമായ ക്രമക്കേടുകൾ ഈ വിഷയത്തിൽ സംഭവിച്ചിട്ടില്ലെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി, വികസന സ്റ്റാന്റിംഗ് കമ്മറ്റി, ഗ്രാമപഞ്ചായത്ത് ഭരണസമിതി, പെർഫോമൻസ് ഓഡിറ്റ് വിഭാഗം എന്നിവ ഉറപ്പാക്കേണ്ടതാണ്.

എഞ്ചിനിയറിംഗ് വിഭാഗത്തിന്റെ ഫയൽ മാനേജ്മെന്റ് കാര്യക്ഷമമല്ല. മിക്ക പ്രോജക്ട് ഫയലിലും അത്യാവശ്യം വേണ്ട രേഖകൾ സൂക്ഷിച്ചിട്ടില്ല. സ്പിൽ ഓവർ പ്രോജക്ടുകളിൽ പുതുക്കിയ പ്രോജക്ട് ഫോറങ്ങൾ സൂക്ഷിച്ചിട്ടില്ല.എസ്റ്റിമേറ്റ് റിപ്പോർട്ട്, സൈറ്റ് പ്ളാൻ, സാങ്കേതികാനുമതി ഫോറം, ലഭിച്ച എല്ലാടെണ്ടർ ഫോറങ്ങൾ, സെലക്ഷൻ നോട്ടീസ്, പണിസ്ഥലം കൈമാറിയ രേഖ, മോണിട്ടറിംഗ് റിപ്പോർട്ട് എന്നിവ പല ഫയലിലും സൂക്ഷിച്ചിട്ടില്ല. എന്നാൽ അപൂർവം ഫയലുകൾ എല്ലാ രേഖകളും ചേർത്ത് പൂർണമാക്കിയിട്ടുണ്ട്. ഈ രീതി ഭൂരിഭാഗം ഫയലുകളിലും പാലിക്കാഞ്ഞത് വീഴ്ചയാണ്. ആവശ്യമായ ഫയലുകളുടെ അഭാവത്തിൽ ചെലവുതുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-11 അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ-അവലോകനം

കെട്ടിടം

ചെറിയനാട് ഗ്രാമ പഞ്ചായത്തിന്റെ അധികാര പരിധിയിൽ 22 അങ്കണവാടികൾ പ്രവർത്തിക്കുന്നതിൽ 9 എണ്ണം സ്വന്തം കെട്ടിടത്തിലും 9 എണ്ണം വാടക കെട്ടിടത്തിലും പ്രവർത്തിക്കുന്നു. ശേഷിയ്ക്കുന്ന 3 അങ്കണവാടികൾ വാടകരഹിതമായും പ്രവർത്തിക്കുന്നു. ഒരു അങ്കണ വാടിയ്ക്ക് സ്വന്തമായി സ്ഥലം ഉണ്ടായിരുന്നിട്ടും കെട്ടിടം നിർമ്മിച്ചിട്ടില്ലാത്തതിനാൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നു.

കുടിവെള്ള സൗകര്യം

എല്ലാ അങ്കണവാടികൾക്കും കുടിവെള്ള സൗകര്യം ഉണ്ട്. മൂന്ന് അംഗനവാടികൾക്ക് പഞ്ചായത്തിന്റെ വാട്ടർ കണക്ഷൻ ഉണ്ട്.

വൈദ്യുതി

വാടകയ്ക്ക് പ്രവർത്തിക്കുന്നതുൾപ്പെടെ എല്ലാ അങ്കണവാടികളിലും വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടുണ്ട്.

ടോയ്‌ലെറ്റ് സൗകര്യം

22 അങ്കണവാടികളിലും ടോയ്‌ലെറ്റ് സൗകര്യം ലഭ്യമാണ്. ഇതിൽ 4 അങ്കണവാടികൾക്ക് ബേബി ഫ്രണ്ട്‌ലി ടോയ്‌ലെറ്റുണ്ട്.

ഗ്യാസ് കണക്ഷൻ

എല്ലാ അങ്കണവാടികൾക്കും ഗ്യാസ് കണക്ഷൻ ലഭ്യമാണ്.

അടിസ്ഥാന സൗകര്യങ്ങൾ

കുട്ടികൾക്കിരിക്കുവാൻ ആവശ്യമായ കസേര, ബഞ്ച്, രജിസ്റ്ററുകളും മറ്റു രേഖകളും സൂക്ഷിക്കുവാനാവശ്യമായ അലമാരകൾ എന്നിവ ഗ്രാമപഞ്ചായത്തിൽ നിന്നും അനുവദിച്ച് നല്കിയിട്ടുണ്ട്. ഭക്ഷണ സാധനങ്ങൾ സൂക്ഷിക്കുവാനുള്ള കണ്ടെയ്നറും എല്ലാ അങ്കണവാടികൾക്കും ഉണ്ട്.

ഫിറ്റ്നെസ് സർട്ടിഫിക്കറ്റ്

നിലവിൽ അങ്കണവാടി കെട്ടിടം സുരക്ഷിതമാണോ എന്നതിനുള്ള പരിശോധന നടത്തി ഫിറ്റെനെസ് സർട്ടിഫിക്കറ്റ് നല്കുന്നതിന് ഗ്രാമ പഞ്ചായത്തിന്റെ എൽ.എസ്.ജി.ഡി വിഭാഗത്തിൽ കത്ത് നല്കിയിട്ടുണ്ടെങ്കിലും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല. അങ്കണവാടികളുടെ പ്രവർത്തനം ഏറെക്കുറെ തൃപ്തികരമെങ്കിലും ഭൂരിഭാഗം അങ്കണവാടികൾക്കും സ്വന്തം കെട്ടിടമില്ലാത്തത് അപര്യാപ്തതയാണ്. അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത നിലനിൽക്കുന്ന അങ്കണവാടികൾ സംബന്ധിച്ച് ജി.ഒ (എം.എസ്) 29/2012 ത.സ്വ.ഭ.വ/03.09.2010ഉത്തരവിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കാവുന്നതാണ്. എല്ലാ അങ്കണവാടികളുടെയും മോണറ്ററിംഗ് & വെൽഫയർ കമ്മിറ്റി യഥാസമയം യോഗം ചേർന്ന് അങ്കണവാടികളുടെ പ്രവർത്തനം വിലയിരുത്തുകയും ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നല്കുകയും ചെയ്യേണ്ടതാണ്.ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അങ്കണവാടികളുടെ ഭൗതിക സാഹചര്യങ്ങൾ വികസിപ്പിക്കുന്നതിലും സ്ത്രീകളുടെയും, കുട്ടികളുടെയും, വയോജനങ്ങളുടെയും ഉന്നമനത്തിനായുള്ള പ്രവർത്തനങ്ങളിലും ആവശ്യമായ ശ്രദ്ധ പതിപ്പിക്കേണ്ടതാണ്..

## 3-12 പൂർത്തീകരിക്കാത്ത ഭവന നിർമ്മാണ പദ്ധതികൾ

മുൻ വർഷങ്ങളിൽ ആരംഭിച്ച ഭവന നിർമ്മാണ പദ്ധതികളിൽ ആദ്യ ഗഡുക്കൾ കൈപ്പറ്റിയ ചില ഗുണഭോക്താക്കൾ ഭവന നിർമ്മാണം നാളിതുവരെയും പൂർത്തീകരിച്ചിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

1) ആശ്രയ പദ്ധതി

പ്രോജക്ട് നം : 06 /18

അടങ്കൽ : 200000 (വികസന ഫണ്ട് )

ആശ്രയ പദ്ധതിയിൽ ഭവന നിർമ്മാണത്തിനായി സരസമ്മാൾ, ഉരപ്പനകിഴക്കതിൽ, വാർഡ്-3 എന്ന ഗുണഭോക്താവിനു തൻവർഷം 90000/- രൂപ നൽകിയിട്ടുണ്ട്. ടി ഗുണഭോക്താവ് അടുത്ത ഗഡു കൈപ്പറ്റുകയോ ഭവന നിർമ്മാണം പൂർത്തീകരിക്കുകയോ ചെയ്തിട്ടില്ല. ഗുണഭോക്താവുമായി കരാറിലേർപ്പെട്ടിട്ടില്ല. പ്രവർത്തി പുരോഗതി സംബന്ധിച്ച വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. ഇതേ ഗുണഭോക്താവിനു വേണ്ടി 2016-17 ൽ 300000/- രൂപ അടങ്കലിൽ ഒരു ഭവന നിർമ്മാണ പദ്ധതിയ്ക്കു (പ്രോജക്ട് നം : 47/17) അംഗീകാരം ലഭിച്ചിരുന്നു. 2016-17 ലെ പദ്ധതിയിൽ പ്രസ്തുത ഗുണഭോക്താവിനു 60000/- രൂപ ആദ്യ ഗഡു നൽകിയിട്ടുണ്ട്. ഗുണഭോക്താവിനു നൽകുവാൻ അവശേഷിക്കുന്ന 240000/- രൂപ വകയിരുത്തി 2017-18 ൽ സ്പിൽ ഓവർ പദ്ധതിയായി ആവിഷ്കരിക്കുന്നതിനു പകരം 200000/- രൂപ അടങ്കലിൽ പുതിയ പദ്ധതി ഏറ്റെടുത്തതിനാൽ 40000/- രൂപ ഗുണഭോക്താവിനു നഷ്ടമാകുന്ന സാഹചര്യം സൃഷ്ടിക്കപ്പെട്ടു.

മേൽ വിഷയങ്ങളിൽ നൽകിയ ഓഡിറ്റ് അന്വേഷണത്തിനു (നം 2/ 12-11-18) ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതാണെന്ന മറുപടി നൽകി. കരാറിലേർപ്പെടാതെ 90000/- രൂപ ഗുണഭോക്താവിന്റെ അക്കൌണ്ടിലേക്ക് നേരിട്ട നൽകിയതിനാലും ഭവന നിർമ്മാണം പൂർത്തീകരിച്ചതിന്റെ വിവരങ്ങൾ ലഭ്യമല്ലാത്തതിനാലും തൻവർഷത്തെ 90000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ചെലവു വിവരം ബിൽ നം / തീയതി തുക

18 /17-18 /14-03-18, 90000/- രൂപ

2) സങ്കേതം ഭവനനിർമ്മാണം

ശ്രീദേവി. കെ. എസ്, കോടംപറമ്പിൽ, വാർഡ് -7 എന്ന ഗുണഭോക്താവിനു സങ്കേതം - ഭവന നിർമ്മാണ പദ്ധതിയിൽ 2015-16 ൽ 25000/- രൂപ മുൻകൂർ നൽകിയിട്ടുണ്ട്. എന്നാൽ ടിയാളുടെ വീട് 2017-18 ലെ ഭവന നിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തീകരിച്ചിട്ടില്ല. ഭൂമിയുടെ കിടപ്പും ആവശ്യത്തിനു സ്ഥലം ലഭ്യമല്ലാത്തതിനാലും പൂർത്തീകരിക്കാത്ത വീടുകളുടെ പൂർത്തീകരണം എന്ന പദ്ധതിയിൽ ചേരാൻ സാധിക്കില്ല എന്ന് ഗുണഭോക്താവ് രേഖാമൂലം അറിയിപ്പ് നൽകിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഗുണഭോക്താവിനു മുൻകൂർ നൽകിയ 25000/- രൂപ പലിശ സഹിതം ഈടാക്കുന്നതിനു നടപടി സ്വീകരിക്കേണ്ടതാണ്.

ഡി.ഡി നം / തീ. 606635 / 20-03-16, 25000/-

## 3-13 വി.ഇ.ഒ നിർവ്വഹണം നടത്തിയ വിവിധ പദ്ധതികൾ -ചെലവു രേഖകൾ ഹാജരാക്കാത്തതു സംബന്ധിച്ച്

2017-18 വർഷം വി.ഇ.ഒ നിർവ്വഹണം നടത്തിയ വിവിധ സ്പിൽ ഓവർ പദ്ധതികളുമായി ബന്ധപ്പെട്ട എല്ലാ ചെലവു രേഖകളും പരിശോധനയ്ക്കു ഹാജരാക്കിയിട്ടില്ല. നിലവിൽ ഹാജരാക്കിട്ടുള്ള രേഖകൾ അപൂർണ്ണവും, സബ്സിഡി മാർഗ്ഗരേഖകളിൽ പരാമർശിച്ചിട്ടുള്ള രേഖകൾ ഉൾക്കൊള്ളിച്ചിട്ടില്ലാത്തതുമാകുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

1. *കിണർ നിർമ്മാണം ജനറൽ (പ്രോജക്ട് നം. 169 /18)*

മുൻ വർഷം ആരംഭിച്ച ഈ പദ്ധതിയിൽ 2016-17 ൽ 100000/- രൂപയും, 2017-18 ൽ നാലു ബില്ലുകളിലായി 274000/- രൂപയും പിൻവലിച്ചിട്ടുണ്ട്. ഒരു ഗുണഭോക്താവിനു 17000/- രൂപ വീതം വകയിരുത്തിയിരുന്നു. ഇതിൽ വിജയകുമാർ, നിർമ്മലാ വിജയൻ എന്നീ രണ്ടു ഗുണഭോക്താക്കൾ ഒഴികെ ആരുടെയും കിണറുകളുടെ മൂല്യ നിർണ്ണയ സാക്ഷ്യപത്രങ്ങൾ പരിശോധനയ്ക്കു ഹാജരാക്കിട്ടില്ല. ഗുണഭോക്താക്കൾ ആനുകൂല്യം കൈപ്പറ്റിയതിന്റെ രേഖകൾ / പണം ഗുണഭോക്താക്കളുടെ അക്കൌണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തതിന്റെ രേഖകൾ എന്നിവയും ഹാജരാക്കിട്ടില്ല. 30 ഗുണഭോക്താക്കൾക്കായി ആവിഷ്കരിച്ച ഈ പദ്ധതിയിൽ രണ്ടു വർഷങ്ങളിലായി 22 ഗുണഭോക്താക്കൾക്കു ആനുകൂല്യം നൽകുന്നതിനായി പണം പിൻവലിച്ചിട്ടുണ്ട്.

ചെലവു രേഖകളുടെ അഭാവത്തിൽ രേഖകൾ ഹാജരാക്കിയിട്ടുള്ള 34000/- രൂപ കിഴിച്ച് തൻവർഷത്തെ 240000/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

*ചെലവു വിവരം ബിൽ നം / തീയതി തുക*

01 /17-18 /24-06-17, 140000/-

03 / 17-18 / 24-06-17, 100000/-

2. *ഭവനപുനരുദ്ധാരണം ജനറൽ (പ്രോജക്ട് നം. 170 /18)*

67 ഗുണഭോക്താക്കൾക്കു 25000/- രൂപ വീതം ആനുകൂല്യം നൽകുന്നതിനായി 2016-17 വർഷം 1675000/- അടങ്കലിൽ ആവിഷ്കരിച്ച ഈ പദ്ധതിയിൽ 2016-17 ൽ 775000/- രൂപയും 2017-18 ൽ രണ്ടു ബില്ലുകളിലായി 900000/- രൂപയും പിൻവലിച്ചിട്ടുണ്ട്. 2016-17 ൽ 16 വ്യക്തികൾക്കു 25000/- രൂപ വീതവും, 20 വ്യക്തികൾക്കു ആദ്യ ഗഡുവും നൽകി. 2017-18 ൽ 20 വ്യക്തികൾക്കു അവസാന ഗഡുവും 31 പേർക്ക് 25000/- രൂപ വീതവും നൽകി. 2017-18 ൽ ആനുകൂല്യം നൽകിയവർ മൂല്യ നിർണ്ണയ സാക്ഷ്യപത്രങ്ങൾ ഹാജരാക്കിട്ടില്ല. ഗുണഭോക്താക്കൾ ആനുകൂല്യം കൈപ്പറ്റിയതിന്റെ രേഖകൾ/ പണം ഗുണഭോക്താക്കളുടെ അക്കൌണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തതിന്റെ രേഖകൾ എന്നിവയും ഹാജരാക്കിട്ടില്ല.

ചെലവു രേഖകളുടെ അഭാവത്തിൽ തൻവർഷത്തെ 900000/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

ചെലവു വിവരം ബിൽ നം / തീയതി തുക

05 /17-18 /24-06-17 475000

04 / 17-18 / 24-06-17 425000

3. *വികലാംഗർക്കു പെട്ടിക്കട (പ്രോജക്ട് നം. 171 / 18 )*

200000/- രൂപ അടങ്കലിൽ തയ്യാറാക്കിയിട്ടുള്ള ഈ പദ്ധതിയിൽ 125000/- രൂപ പിൻവലിച്ചിട്ടുണ്ട്. 5 ഗുണഭോക്താക്കൾക്കു ഉപജീവനത്തിനായി പെട്ടിക്കട നൽകുന്നതിനു വേണ്ടിയാണ് പദ്ധതി. പെട്ടിക്കട നിർമ്മിച്ച് നൽകുന്നതിലേക്ക് ക്വട്ടേഷൻ ക്ഷണിച്ചിട്ടില്ല. വർഗ്ഗീസ് യോഹന്നാൻ, തടത്തിൽ പുത്തൻവീട് എന്ന ഗുണഭോക്താവിനു മോഡേൺ ഗ്ലാസ്സ് ഹൗസ്, പുലിയൂർ എന്ന സ്ഥാപനം 25000/- രൂപയ്ക്കു പെട്ടിക്കട നൽകിയതിന്റെ രേഖ ഫയലിൽ ലഭ്യമാണ്. മറ്റു ഗുണഭോക്താക്കൾ പെട്ടിക്കട എവിടെ നിന്നു വാങ്ങി എന്ന വിവരം ലഭ്യമല്ല. പെട്ടിക്കട അളവുകൾ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല. മൂല്യ നിർണ്ണയം നടത്തിയിട്ടില്ല. ഗുണഭോക്താക്കൾ പെട്ടിക്കട കൈപ്പറ്റിയതിന്റെ വിവരം, സ്ഥാപിച്ചതിന്റെ വിവരം എന്നിവ ലഭ്യമല്ല. മോണിട്ടറിംഗ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.

ചെലവു രേഖകളുടെ അഭാവത്തിൽ 125000/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

*ചെലവു വിവരം ബിൽ നം / തീയതി, തുക*

02 /17-18 /24-06-17, 125000/- രൂപ

മേൽ വിഷയങ്ങളിൽ നൽകിയ ഓഡിറ്റ് അന്വേഷണത്തിനു (നം. 8/ 13-11-18), ഫയലുകൾ എല്ലാം കൈമാറിക്കിട്ടിയിട്ടില്ല എന്നു നിലവിൽ ചാർജ്ജുള്ള വി.ഇ.ഒ മറുപടി ഹാജരാക്കി. 2016-17 ൽ ബിൽ തയ്യാറാക്കിയ ഉദ്യോഗസ്ഥനായ മഞ്ജു ജോർജ്ജിൽ നിന്നും വിശദീകരണം നേരേണ്ടതും രേഖകൾ അടിയന്തിരമായി ഹാജരാക്കേണ്ടതുമാണ്. ടി വിഷയത്തിൽ ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-14 തൊഴിലുറപ്പ് പദ്ധതി - എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിലെ അപാകം മൂലം അധിക ചെലവ് ഉണ്ടാകുന്നു,

2017-18 വർഷം തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നിർവ്വഹണം നടത്തിയ മഴക്കുഴി നിർമ്മാണ പ്രവർത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയതിൽ ഉയർന്ന നിരക്കുകൾ നൽകിയതിനാലും അധിക ഇനങ്ങൾ ഉൾക്കൊള്ളിച്ചതിനാലും അധിക ചെലവ് സംഭവിച്ചതായി കാണുന്നു.വിശദ വിവരം ചുവടെ ചേർക്കുന്നു.

1. മഴക്കുഴി നിർമ്മാണവുമായി ബന്ധപ്പെട്ട മണ്ണ് കുഴിക്കൽ പ്രവർത്തിയ്ക്കു secure software specification code 80.2 അനുസരിച്ച് ഫൗണ്ടേഷനു നൽകുന്ന 214.66/m3 എന്ന നിരക്കാണ് അനുവദിച്ചിട്ടുള്ളത്. 0.75 cm താഴ്ചയിലാണ് മഴക്കുഴികൾ നിർമ്മിച്ചിട്ടുള്ളത്. എന്നാൽ തൻവർഷം നടപ്പിലാക്കിയിട്ടുള്ള കുളം നിർമ്മാണ പ്രവർത്തികളിൽ (ഉദാ വാർഡ് -10 റഫിയ ഹുസൈൻ 10/7 കുളം നിർമ്മാണം) 1.5 m വരെയുള്ള മണ്ണ് കുഴിക്കൽ പ്രവർത്തിയ്ക്കു specification code 80.21അനുസരിച്ച് ഹാർഡ് സോയിലിൽ കുഴിക്കുന്നതിനു 161.25 /m3 നിരക്കും, 1.5m മുതൽ 3m വരെയുള്ള കുഴിക്കൽ പ്രവർത്തിയ്ക്കു specification code 80.30.1 അനുസരിച്ച് 201.26 /m3 എന്ന നിരക്കുമാണ് നൽകിയിട്ടുള്ളത്.specification code 80.2 ഫൌണ്ടേഷനു വേണ്ടിയുള്ളതാണ്.മഴക്കുഴി നിര്മ്മാണത്തിനു secure ൽ നിരക്കുകൾ നിശ്ചയിച്ചിട്ടില്ലാത്തതിനാൽ observed data തയ്യാറാക്കി അംഗീകാരം വാങ്ങിക്കേണ്ടിയിരുന്നു.ചെങ്ങന്നൂർ ബ്ളോക്കിൽ തന്നെയുള്ള മറ്റു പഞ്ചായത്തുകളിൽ specification code 80.21 അനുസരിച്ചുള്ള കുറഞ്ഞ നിരക്കാണ് നൽകിയിട്ടുള്ളത്.

   മേൽ വിവരിച്ച കാരണത്താൽ ഒരു മഴക്കുഴിയ്ക്കു 53.41 രൂപ വീതം അധിക ചെലവ് ഉണ്ടായിട്ടുണ്ട്. 15 വാർഡുകളിലായി 7000 മഴക്കുഴികളോളം നിർമ്മിച്ചിട്ടിണ്ട്. എല്ലാ മഴക്കുഴികൾക്കും ഒരേ നിരക്ക് നിശ്ചയിച്ചിട്ടുള്ളതിനാൽ ഈയിനത്തിൽ 3.7 ലക്ഷം രൂപയുടെ അധിക ചെലവ് ഉണ്ടായിട്ടുള്ളതായി വിലയിരുത്തുന്നു.

2. മഴക്കുഴി നിർമ്മാണത്തിന്റെ ആദ്യ ഇനമായി കാണിച്ചിട്ടുള്ളത് specification code 2.31 അനുസരിച്ചുള്ള clearing jungle including uprooting of rank vegetation, grass, brush wood, trees and saplings ofgirth upto 30 cm measured at a height of 1 m above ground level എന്ന പ്രവർത്തിയാണ്. 1.5 m നീളത്തിലും 1m വീതിയിലുമാണ്

മഴക്കുഴി നിർമ്മിച്ചിട്ടുള്ളത്. എന്നാൽ 3.5 m നീളത്തിലും 3 m വീതിയിലും ഇനം 1 ലെ പ്രവർത്തി ചെയ്തിട്ടുള്ളതായി കാണുന്നു. മണ്ണ് കുഴിക്കുന്ന പ്രവർത്തിയിൽ കാട് തെളിക്കുന്ന പ്രവർത്തി അധിക ചെലവാണെന്നു കാണുന്നു. ഗ്രാമ പഞ്ചായത്ത് നടപ്പിലാക്കുന്ന നിർമ്മാണ പ്രവർത്തികളിൽ ഫൌണ്ടേഷനു വേണ്ട് മണ്ണു കുഴിക്കുമ്പോൾ സാധാരണ ഗതിയിൽ ഇനം 1 ഉൾക്കൊള്ളിക്കാറില്ല.

മേൽ വിഷയങ്ങളിൽ നൽകിയ ഓഡിറ്റ് അന്വേഷണത്തിനു (നം 14/ 14-11-18), ഉയർന്ന പ്രദേശങ്ങളായതിനാലും, വേനൽക്കാലത്ത് ജലാംശം നഷ്ടപ്പെട്ട് കുഴിക്കാൻ പ്രയാസമുള്ളതിനാലുമാണ് ഉയർന്ന നിരക്കു നിൽകുന്നതെന്നും, ആദ്യ ഇനമായ സൈറ്റ് ക്ളിയറൻസ് നൽകിയാൽ മാത്രമെ കൃത്യമായ അളവിൽ കുഴി എടുക്കുവാൻ സാധിക്കുകയുള്ളൂ എന്നും മറുപടി ഹാജരാക്കിയിട്ടുണ്ട്. എന്നാൽ സമാനമായ മറ്റു പ്രവർത്തികൾക്കു കുറഞ്ഞ നിരക്കു നൽകിയിട്ടുള്ളതിനാലും, ഇനം 1 ഒഴിവാക്കിയിട്ടുള്ളതിനാലും, ചെങ്ങന്നൂർ ബ്ളോക്കിൽ തന്നെയുള്ള മറ്റു പഞ്ചായത്തുകളിൽ വിഭിന്നമായ രീതിയിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളതിനാലും മേൽ വിവരിച്ച കാരണങ്ങളാൽ വിവിധ പ്രവർത്തികളിലായി വലിയ തുകകളുടെ അധിക ചെലവ് സംഭവിക്കുന്നതായി കാണുന്നു. ഈ വിഷയത്തിൽ വിശദമായ സാങ്കേതിക പരിശോധന നടത്തേണ്ടതും ആവശ്യമുള്ള പക്ഷം എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിൽ മേൽ വിഷയങ്ങൾ പരിഗണിച്ച് മാറ്റങ്ങൾ വരുത്തേണ്ടതുമാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 300000 | 174/2018 നെൽകൃഷി വികസനം | 300000 | 0 |
| ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 140000 | 178/2018 ജൈവപച്ചക്കറി കൃഷി | 87710 | 52290 |
| ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 300000 | 22/2018 പാലിന് ഇൻസെന്റീവ് | 300000 | 0 |
| ആലപ്പുഴ ജില്ലാ പഞ്ചായത്ത് | 2017-18 | 75000 | 22/2018 പാലിന് ഇൻസെന്റീവ് | 75000 | 0 |
| ആകെ | | | | 762710/- | 52290/- |

## 4-2. ഡിപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെല വഴിച്ച തുക | ചെലവഴി ക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോരിറ്റി | 69/18 പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (SCP) | | 791500 | 0 | 791500/- |
| കേരള വാട്ടർ അതോരിറ്റി | 73/18 (ജനറൽ) | | 1449500 | 0 | 1449500/- |
| കെ.എസ്.ഇ.ബി | 209/18 ലൈൻ എക്സ്റ്റൻഷൻ | | 665273 | 0 | 665273/- |

## 4-3. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

--ഇല്ല--

## 4-4. വായ്പ/ വായ്പ തിരിച്ചടവ്

--ഇല്ല--

## 4-5. സ്ഥിരനിക്ഷേപങ്ങൾ

--ഇല്ല--

## 4-6. ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 31736/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ, തീയതി |
|---|---|---|---|---|
| 2016-17 | 2-6 | 213 | ശ്രീ. പ്രദീപ് കുമാർ | 11716104304, തീ. 20.03.18 |
| 2016-17 | 2-4 | 260 | ശ്രീ. ഉമ്മൻ കുരുവിള | 117161042651, തീ. 7.03.18 |
| 2016-17 | 2(4) | 400 | ശ്രീ. കെ. എം. ഈശോ | 11716104195, തീ. 14.03.18 |
| 2016-17 | 3(2) | 20746 | ശ്രീ. സുജിത് കുമാർ | 11716104163, തീ. 12.03.18 |

## 4-7. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

--ഇല്ല--

## 4-8. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 53744522 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 59108417 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 21051 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 77556 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 5586430 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-2(i) | 12500 | | ബിജുകുമാർ, സെക്രട്ടറി |
| 2-4(ii) | 8551 | | |
| 3-9 | | 77556 | ലിജിയ രാജു, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 21051 | 77556 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-6 | 2906273 | ബിജുകുമാർ, സെക്രട്ടറി |
| 3-7 | 15000 | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| 3-8 | 12849 | ലിജിയ രാജു, എ.ഇ |
| 3-10 | 1297308 | ലിജിയ രാജു, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-12(1) | 90000 | ആശ.ജി.ഉണ്ണി |
| 3-13(1) | 240000 | മഞ്ജു ജോർജ്ജ്, വി.ഇ.ഒ |
| 3-13(2) | 900000 | മഞ്ജു ജോർജ്ജ്, വി.ഇ.ഒ |
| 3-13(3) | 125000 | മഞ്ജു ജോർജ്ജ്, വി.ഇ.ഒ |
| ആകെ | 5586430 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

--ഇല്ല--

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖ. 3-10

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. ബിജുകുമാർ. ആർ, സെക്രട്ടറി | ലഭ്യമല്ല | അശോക വിലാസം,<br>ചിതറ പി.ഒ, കിഴക്കുംഭാഗം, കൊല്ലം. |
| ലിജിയ രാജു,<br>അസി. എഞ്ചിനിയർ | അസി. എഞ്ചിനിയർ,<br>കോർപ്പറേഷൻ, തിരുവനന്തപുരം | ഗ്രീൻ വില്ല കോട്ടേജ്,<br>നീരാഴി ലെയ്ൻ, ഉള്ളൂർ, തിരുവനന്തപുരം. |
| ആശ.ജി.ഉണ്ണി, വി.ഇ.ഒ | വി.ഇ.ഒ, ചെറിയനാട് | ചാമപ്പറമ്പിൽ,<br>കൊച്ചിക്കൽ പി.ഒ, മാവേലിക്കര |
| മഞ്ജു ജോർജ്ജ്, വി.ഇ.ഒ | വി.ഇ.ഒ, പുലിയൂർ | മേൽപ്പള്ളത്ത് ഹൌസ്,<br>നെടുവരംകോട്പി.ഒ, ചെങ്ങന്നൂർ 689508 |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 മുതൽ<br>1998-99 വരെ (ചെലവ് ) | എൽ.എഫ്.ജി.എ.5.1832/2011/24.01.2012 |
| 1997-98 (ഡി.സി.ബി)<br>2000-01 മുതൽ<br>2005-06 വരെ | എൽ.എഫ്.ജി.എ.5.1832/2011/24.01.2012 |
| 2008-09 | എൽ.എഫ്.ജി.എ.5. 575/2014/06.05.2014 |
| 2009-10 | എൽ.എഫ്.എ-പി.5/ 1512/15/17.05.2011 |
| 2010-11 &2011-12 | എൽ.എഫ്.എ-പി.5/ 712/2014/08.07.14/16.08.14 |
| 2012-13 | എൽ.എഫ്.എ-പി.5/429/15/25.06.15 |
| 2013-14&2014-15 | കെ.എസ്.എ.എ.എൽ.പി.പി-5/15/15.02.16 |
| 2015-16 | കെ.എസ്.എ.എ.എൽ.പി .പി-5/1243/16/09.11.16/03.12.16 |
| 2016-17 | കെ.എസ്.എ.എ.എൽ.പി .പി-5/1061/2017/10.8.2017/23.8.2017 |

.
.
.
.

ഡെപ്യൂട്ടി ഡയറക്ടർ,
കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്,
ആലപ്പുഴ

## <u>അനുബന്ധം-1</u>

നം. കെ.എസ്.എ-എ.എൽ.പി-ജി.എ4-1126(18)/18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് ഓഫീസ്,ആലപ്പുഴ.

തീയതി: 30.07.2018

<u>ഓഡിറ്റ് സാക്ഷ്യപത്രം</u>

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും ചെറിയനാട് ഗ്രാമ പഞ്ചായത്തിന്റെ 2017-18സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടു<u>ത്തു</u>ന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

.
.
.
.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ആലപ്പുഴ

## അനുബന്ധം-2

| | | |
|---|---|---|
| 1. | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2. | ഇൻകം & എക്സ്പെൻഡിച്ചർ | |
| 3. | ബാലൻസ് ഷീറ്റ് | |

.
.
.
.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ആലപ്പുഴ